**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതിലൂടെയുള്ള പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ കേന്ദ്ര ബജറ്റ് പ്രകാരം ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏതൊക്കെ തരത്തിലാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 വർഷത്തെ കേന്ദ്ര ബജറ്റിൽ ഭക്ഷ്യ സബ്സിഡി 28 ശതമാനത്തോളം കുറവു വരുത്തിയിട്ടുണ്ട്. ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏതൊക്കെ തരത്തിലാണ് ബാധിക്കുക എന്നത് പരിശോധിച്ചു വരുന്നു. |
| (ബി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രപൂളിൽ നിന്ന് കേരളത്തിന് ലഭിച്ചിട്ടുള്ള ഭക്ഷ്യ ഉല്പന്നങ്ങളുടെ അളവും തുകയും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ കേന്ദ്രപൂളിൽ നിന്ന് ലഭ്യമായ ഭക്ഷ്യ ഉത്പന്നങ്ങളുടെ അളവ് അനുബന്ധം I ആയി ചേർക്കുന്നു. അരിയുടെയും ഗോതമ്പിന്റെയും എക്കണോമിക്ക് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ 6530.38 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തിലും 8606.02 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തിലും ഭക്ഷ്യധാന്യങ്ങൾക്കായി കേന്ദ്ര സർക്കാർ ചിലവഴിച്ചിട്ടുണ്ട്. പഞ്ചസാരയുടെ സബ്സിഡിയിനത്തിൽ ഓരോ വർഷവും 13.23 കോടി രൂപയാണ് കേന്ദ്ര സർക്കാരിന് ചിലവാകുന്നത്. |
| (സി) | വിവിധ കെടുതികൾക്കിടയിലും കഴിഞ്ഞ 6 വർഷക്കാലത്ത് പൊതുവിതരണ സംവിധാനത്തിലൂടെ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിൽ സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച് കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ 06 വർഷകാലയളവിൽ 16362.108 കോടി രൂപയാണ് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന് സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത തുകയിൽ 5538.48 കോടി രൂപ 2020-21, 2021-22കാലങ്ങളിൽ സൗജന്യകിറ്റ് വിതരണം ചെയ്ത വകയിൽ സംസ്ഥാന സർക്കാരിന് ചിലവായ തുകയാണ്. വർഷാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

2020-21 സാമ്പത്തിക വർഷം ലഭ്യമായത് ( അളവുകൾ മെട്രിക് ടണ്ണിൽ)

| സ്കീം | അരി | ഗോതമ്പ് | ആകെ ധാന്യം | പയർവർഗ്ഗം | പഞ്ചസാര |
|---|---|---|---|---|---|
| പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന | 522123.1238 | 70782.35655 | 592905.4803 | 29524.489 | |
| ആത്മ നിർഭർ ഭാരത് | 15480.012 | 0 | 15480.012 | 745.058 | |
| ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം | 1136800.877 | 259195.103 | 1395995.98 | | |
| PDS | | | | | 7149.6 |
| **ആകെ** | **1674404.013** | **329977.4596** | **2004381.472** | **30269.547** | **7149.6** |

2021-22 സാമ്പത്തിക വർഷം ലഭ്യമായത് ( അളവുകൾ മെട്രിക് ടണ്ണിൽ)

| സ്കീം | അരി | ഗോതമ്പ് | ആകെ ധാന്യം | പഞ്ചസാര |
|---|---|---|---|---|
| പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന | 681521.233 | 169879.427 | 851400.66 | |
| ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം | 1160055.07 | 265074.166 | 1425129.236 | |
| PDS | | | | 7149.6 |
| **ആകെ** | **1841576.303** | **434953.593** | **2276529.896** | **7149.6** |

## അനുബന്ധം. II

| വർഷം | ഭക്ഷ്യ സബ്സിഡി ഇനത്തിലെ ആകെ ചെലവ്(കോടി രൂപയിൽ) |
|---|---|
| 2016-17 | 1570.44 |
| 2017-18 | 1405.99 |
| 2018-19 | 1576.80 |
| 2019-20 | 1518.428 |
| 2020-21 | 6527.7 (സൗജന്യകിറ്റ് ഉൾപ്പെടെ) |
| 2021-22 | 3762.75 (സൗജന്യകിറ്റ് ഉൾപ്പെടെ) |
| **ആകെ തുക** | **16362.108** |